## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*137** — **02.05.2017 ൽ മറുപടിയ്ക്ക്**

# ക്ലസ്റ്റർ സംവിധാനത്തിൽ പച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പ് തുടർന്നു വരുന്ന ക്ലസ്റ്റർ സംവിധാനത്തിന്റെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) സ്വീകരിച്ചിട്ടുണ്ട്.<br>നിലവിൽ കേരളത്തിൽ 800 ക്ലസ്റ്ററുകളിലായി പച്ചക്കറി കൃഷി നടത്തുന്നുണ്ട്. 2017-18- ൽ അധികമായി 200 ക്ലസ്റ്ററുകളിൽ കൂടി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനുള്ള നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സ്വാശ്രയ സംഘങ്ങളിലൂടെയാണ് പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട വിത്ത് മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ വി.എഫ്. പി.സി.കെ നട ത്തുന്നത്. |
| ബി) ഇത്തരം ക്ലസ്റ്ററുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) ക്ലസ്റ്ററുകളുടെ പ്രവർത്തന മികവ്, സാമ്പത്തിക പ്രവർത്തനങ്ങളിലെ മികവ്, സാങ്കേതികമായ പ്രവർത്തന മികവ്, നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം വിലയിരുത്തുകയും ലഭിക്കുന്ന പോയിന്റുകളുടെ അടിസ്ഥാനത്തിൽ A, B, C എന്നീ ഗ്രേഡുകൾ നൽകുകയും ചെയ്തുവരുന്നു. ക്ലസ്റ്ററിന്റെ പ്രവർത്തന മികവിന് 30 പോയിന്റും സാമ്പത്തിക മികവിന് 30 പോയിന്റും സാങ്കേതിക മികവിന് 24 പോയിന്റും നൂതന ആശയങ്ങൾ നടപ്പിലാക്കുന്നതിന് 16 പോയിന്റും നൽകുന്നു. അങ്ങനെ 60 പോയിന്റിനും അതിന് മുകളിലും ഉള്ളവയ്ക്ക് A ഗ്രേഡും 50 മുതൽ 60 വരെയുള്ള പോയിന്റ് നേടുന്നവയ്ക്ക് B ഗ്രേഡും 50 പോയിന്റിന് |

താഴെ ലഭിക്കുന്നവയ്ക്ക് C ഗ്രേഡും നൽകുന്നു. വി.എഫ്.പി.സി.കെ യിൽ ഓരോ മാസവും കൂടുന്ന ജില്ലാ മാനേജർമാരുടെ യോഗത്തിൽ സ്വാശ്രയ സംഘങ്ങളുടെ ശാക്തീകരണം സംബന്ധിച്ച് ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നു.

| | | | |
|---|---|---|---|
| സി) | പച്ചക്കറിയുടെ സംസ്കരണത്തിനും വിപണനത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; | സി) | സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ജില്ലാസംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറിയുല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഉത്സവ സീസണുകളിലും അല്ലാത്ത ദിവസങ്ങളിലും ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ന്യായമായ വില നൽകി സംഭരിക്കുകയും ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാലകൾ വഴി വില്പന നടത്തുകയും ചെയ്തു വരുന്നു. കർഷകരിൽ നിന്നുമുള്ള പച്ചക്കറി ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ. യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്ന 277 സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് കച്ചവടക്കാരുടെ സാന്നിദ്ധ്യത്തിൽ ലേലം ചെയ്ത് വിപണനം ചെയ്യുന്നതിലൂടെ ന്യായമായ വില കർഷകർക്ക് ലഭിക്കുന്നു. |
| ഡി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദന കമ്പനികൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പച്ചക്കറികൾ വിപണനം നടത്തുന്നതിന് ഉല്പാദനം കൂടുതലുള്ള മേഖലയിലാണ് കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**